പാഠം 13

# പൊടിയിൽനിന്നു നക്ഷത്രങ്ങളിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനി. 12; റോമർ 8:34; ലൂക്കൊ. 10:20; റോമർ 8:18; എബ്രാ. 2:14,15; യോഹ. 14:29; വെളി. 11:3.**

**മനഃപാഠവാക്യം: "ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനി. 12:3).**

ദാനിയേലിന്റെ പുസ്തകം, നെബൂഖദ്നേസ്സർ യെഹൂദയെ ആക്രമിച്ച് അടിമകളെ ബാബിലോണിലേക്കു കൊണ്ടുപോകുന്നതിൽ ആരംഭിക്കുന്നു. അതിനു വിപരീതമായി, അന്ത്യകാല ബാബിലോണിൽനിന്നു ദൈവജനത്തെ വിടുവിക്കുവാനായി മീഖായേൽ നിൽക്കുന്ന കാഴ്ചയുമായി ദാനിയേലിന്റെ പുസ്തകം അവസാനിക്കുന്നു. അതായത്, ദാനിയേലിന്റെ പുസ്തകത്തിൽ ആകമാനം കണ്ടതുപോലെ, അന്ത്യത്തിൽ, അതേ, ഏറ്റവും അവസാനം തന്റെ ജനത്തിന് അനുകൂലമായി ദൈവം സകലവും പ്രവർത്തിക്കുന്നു.

നമ്മൾ കണ്ടതുപോലെതന്നെ, ദാനിയേലും സ്നേഹിതരും ദൈവത്തോടു വിശ്വസ്തർ ആയിരിക്കുകയും പ്രവാസികളുടെയും പരിശോധനകളുടെയും ഇടയിൽ സമാനതയില്ലാത്ത ജ്ഞാനം പ്രകടിപ്പിക്കുകയും ചെയ്തു. അതേ പ്രകാരം പ്രതികൂലങ്ങളെ നേരിടുമ്പോൾ ദൈവത്തിന്റെ അന്ത്യകാല ജനവും വിശ്വസ്തരായി നിലകൊള്ളും. "ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലത്തും" (ദാനി. 12:1) അവർ വിശേഷാൽ വിശ്വസ്തരായിരിക്കും. ബാബിലോണിൽ ദാനിയേലും സ്നേഹിതന്മാരും എന്നപോലെ അവർ ജ്ഞാനവും വിവേകവും പ്രകടമാക്കും. അവർ വ്യക്തിഗതഗുണമായി ജ്ഞാനത്തെ അനുഭവിക്കുക മാത്രമല്ല, ആ ജ്ഞാനത്തിന്റെ ഫലമെന്നോണം മറ്റുള്ളവരെ നീതിയിലേക്കു തിരിക്കുവാൻ സമർപ്പിതരും ആയിരിക്കും. ചിലർ മരിക്കും, മറ്റു ചിലർ കൊല്ലപ്പെട്ടേക്കാം; അങ്ങനെ അവർ പൊടിയിലേക്കു മടങ്ങുമെങ്കിലും, അവർ നിത്യതയിലേക്ക് ഉയിർപ്പിക്കപ്പെടും. ബൈബിൾ വചനം പറയുംപോലെ, "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും" (ദാനി. 12:2).

***ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 28 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## മീഖായേൽ, നമ്മുടെ പ്രഭു

**ദാനിയേൽ 12:1 വായിക്കുക. കാലത്തിന്റെ അന്ത്യത്തിൽ ആരാണു ചരിത്രത്തിന്റെ ഗതിയെ മാറ്റുന്നത്? ഈ വാക്യത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ റോമർ 8:34; എബ്രാ. 7:25 വാക്യങ്ങൾ എങ്ങനെ സഹായിക്കുന്നു?**

ദാനിയേൽ പ്രവചനത്തിലെ ഓരോ അദ്ധ്യായവും ഓരോ പ്രാകൃത രാജ്യ രാജാക്കന്മാരെ പരാമർശിച്ചുകൊണ്ടാണു തുടങ്ങിയത്. ദാനിയേൽ 12-ാം അദ്ധ്യായവും ഒരു ഭരണാധിപനെ പരാമർശിക്കുന്നു; ശത്രുക്കളുടെ കൈകളിൽനിന്നു തന്റെ ജനത്തെ വിടുവിക്കുവാൻ എഴുന്നേൽക്കുന്ന ഒരു ദിവ്യപ്രഭുവാണ് ഈ ഭരണാധിപൻ.

മിഖായേൽ ശക്തനായ സ്വർഗ്ഗീയ ജീവിയായി ട്രൈഗ്രിസ് നദിക്കരയിൽ ദാനിയേലിനു പ്രത്യക്ഷനായതു ദൈവജനത്തിന്റെ സ്വർഗ്ഗീയ പ്രതിനിധിയായും മറ്റിടങ്ങളിൽ "മനുഷ്യപുത്ര"നായും "സൈന്യങ്ങളുടെ അധിപതി"യായും മശീഹാ എന്ന പ്രഭുവായും പ്രത്യക്ഷപ്പെടുന്നു. "ദൈവത്തെപ്പോലെ ആരുള്ളൂ?" എന്നർത്ഥം വരുന്ന മീഖായേൽ യേശു അല്ലാതെ മറ്റാരും ആകില്ല.

മീഖായേൽ ഇടപെടുന്ന കാലം ദാനിയേൽ 12:1 അനുസരിച്ച് "ആ കാലത്ത്" ആണ് (12:1). ഈ പരാമർശം ദാനിയേൽ 11:40-45 ലെ അതേ കാലത്തെയാണ് ഉദ്ദേശിക്കുന്നത്. 1798 ലെ പാപ്പാത്വത്തിന്റെ പതനം മുതൽ കാലത്തിന്റെ അന്ത്യത്തിലെ ഉയിർത്തെഴുന്നേല്പുവരെയുള്ള കാലഘട്ടം ആണിത് (ദാനി. 12:2).

ദാനിയേൽ 12:1 ൽ ഉപയോഗിച്ചിരിക്കുന്ന "എഴുന്നേൽക്കും" (stand) എന്ന വാക്കിൽനിന്നു മീഖായേലിന്റെ പ്രവൃത്തിയെ വിവരിക്കുന്ന പ്രധാനപ്പെട്ട രണ്ടു വസ്തുതകൾ കണ്ടെത്താൻ കഴിയും. ഒന്നാമത്, കീഴടക്കുന്നതിനും ഭരിക്കുന്നതിനും എഴുന്നേൽക്കുക എന്ന അർത്ഥമാണ് ധ്വനിപ്പിക്കുന്നത്. പ്രാഥമികമായി ഒരു സൈനിക ആശയവും അതിൽ ഉണ്ട്. മീഖായേൽ ഒരു സൈനിക നായകനായി തന്റെ ജനത്തെ സംരക്ഷിക്കുകയും വൻപോരാട്ടത്തിന്റെ അന്ത്യത്തിൽ പ്രത്യേകവിധം നയിക്കുകയും ചെയ്യുന്നു എന്നും അത് കാണിക്കുന്നു.

രണ്ടാമത്, "എഴുന്നേൽക്കുക" എന്ന ക്രിയാപദം സ്വർഗ്ഗീയ കോടതിയിൽ മീഖായേൽ ഒരു അഭിഭാഷകനായി പ്രവർത്തിക്കുന്നതിന് എഴുന്നേൽക്കുന്നു. മനുഷ്യപുത്രൻ എന്ന നിലയിൽ പരിശോധനാ ന്യായവിധിവേളയിൽ വയോധികനായവന്റെ മുമ്പാകെ ദൈവജനത്തെ പ്രതിനിധീകരിക്കുവാൻ വരുന്നു (ദാനി. 7:9-14). ഇപ്രകാരം മീഖായേൽ എഴുന്നേൽക്കുക എന്നത് സൈനികവും നീതിന്യായപരവുമായ തന്റെ പ്രവൃത്തിയുടെ രണ്ടുവശങ്ങളെ ധ്വനിപ്പിക്കുന്നു. വേറൊരർത്ഥത്തിൽ, ദൈവത്തിന്റെ ശത്രുക്കളെ കീഴടക്കുവാനുള്ള ശക്തിയും സ്വർഗ്ഗീയ കോടതിയിൽ ദൈവജനത്തെ പ്രതിനിധാനം ചെയ്യുവാനുള്ള അധികാരവും മിഖായേലിനു നൽകപ്പെട്ടിരിക്കുന്നു.

**ഇപ്പോൾ തന്നെയും മീഖായേൽ നമുക്കുവേണ്ടി നിൽക്കുന്നു എന്ന് അറിയുന്നതിനെക്കുറിച്ചു ചിന്തിക്കുക. ഒരു പാപിയായ നിങ്ങൾക്ക് അത് എന്തു പ്രത്യാശ നൽകുന്നു?**

## പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു

**ദാനിയേൽ 12:1 "പുസ്തകത്തിൽ എഴുതിക്കാണുന്നവരെ"ക്കുറിച്ച് സംസാരിക്കുന്നു. അതിന്റെ അർത്ഥം എന്താണ്?**

മീഖായേൽ ഇടപെടുന്ന കാലം സമാനതകളില്ലാത്ത കഷ്ടകാലമെന്നും വിവരിക്കപ്പെടുന്നു. മത്സരികളായ മനുഷ്യജാതിയുടെ മേൽനിന്നു ദൈവാത്മാവ് പിൻവലിക്കപ്പെടുന്ന കാലം ഇതിനോടു സമമാണ്. അപ്പോൾ അന്ത്യ ഏഴ് ബാധകൾ, രാജ്യങ്ങളുടെ മേലുള്ള ദൈവക്രോധത്തിന്റെ പ്രകടനങ്ങളായി അന്ത്യകാല ബാബിലോണിന്റെ മേൽ ചൊരിയപ്പെടും (വെളി. 16; 18:20-24). അതോടുകൂടി ലോകത്ത് അന്ധകാര ശക്തികൾക്കു നിയന്ത്രണം ഇല്ലാതാകുകയും ചെയ്യും. "സാത്താൻ ഭൂവാസികളെ ഒരു വലിയ അന്തിമ ദുരിത(കഷ്ടം)ത്തിൽ മുക്കുമെന്ന്" ഈ കാലത്തെക്കുറിച്ച് എലൻ ജി. വൈറ്റ് എഴുതി: "ദൈവദൂതന്മാർ മനുഷ്യവികാരങ്ങളുടെ ഭീകരമായ കാറ്റുകളെ തടഞ്ഞു നിർത്തുന്നത് അവസാനിപ്പിക്കുമ്പോൾ കുഴപ്പങ്ങളുടെ എല്ലാ ഘടകങ്ങളും കെട്ടഴിഞ്ഞു വീഴും. യെരൂശലേമിന്മേൽ ഉണ്ടായതിനെക്കാൾ കൂടുതൽ ഭീകരമായ നാശങ്ങൾ ലോകത്തെങ്ങും ഉണ്ടാകും" (The Great Controversy, p. 614).

എന്നാൽ ദൈവജനം ഈ അതിഭീകര കഷ്ടകാലത്തു വിടുവിക്കപ്പെടും. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിൽ നിർവ്വഹിക്കപ്പെട്ട പരിശോധന ന്യായവിധിയിൽ യേശു, എന്ന സ്വർഗ്ഗീയ മഹാപുരോഹിതൻ, അവരെ ന്യായീകരിക്കുകയും അവരുടെ പേരുകൾ പുസ്തകത്തിൽ എഴുതപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ പുസ്തകത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിനു ബൈബിൾ സ്വർഗ്ഗത്തിലെ രണ്ടുതരം പുസ്തകങ്ങളെ പരമാർശിക്കുന്നുണ്ടെന്നു നമ്മൾ ഓർത്തിരിക്കണം. അവയിൽ ഒന്ന് കർത്താവിന് ഉള്ളവരുടെ പേരുകൾ ഉൾക്കൊള്ളുന്നു, അതു ചിലപ്പോൾ ജീവപുസ്തകം എന്നു വിളിക്കപ്പെടുകയും ചെയ്യുന്നു (പുറ. 32:32; ലൂക്കൊ. 10:20; സങ്കീ. 69:28; ഫിലി. 4:3; വെളി. 17:8).

ജീവപുസ്തകം കൂടാതെ, മനുഷ്യരുടെ പ്രവൃത്തികളെ രേഖപ്പെടുത്തിയിട്ടുള്ള പുസ്തകത്തെയും ബൈബിൾ പരാമർശിക്കുന്നു (സങ്കീ. 56:8; മലാ. 3:16; യെശ. 65:6). ദൈവത്തോടുള്ള ഓരോ വ്യക്തിയുടെയും കടപ്പാടിനെ (സമർപ്പണം) നിർണ്ണയിക്കുവാൻ സ്വർഗ്ഗീയ കോടതിയിൽ ഈ പുസ്തകങ്ങളാണ് ഉപയോഗിക്കപ്പെടുന്നത്. ഇവയാണ് സ്വർഗ്ഗീയരേഖകൾ, വിവരശേഖരം (databases) ഓരോ മനുഷ്യജീവിയുടെയും പേരുകളും അവരുടെ പ്രവൃത്തികളും അവയിൽ ഉണ്ടാകും. സ്വർഗ്ഗത്തിൽ അവരുടെ പേരുകളും പ്രവൃത്തികളും എഴുതപ്പെട്ടിട്ടുണ്ടെന്ന കാര്യത്തിന്മേൽ ചിലർ നെറ്റി ചുളിക്കും. ഒരിക്കൽ നമ്മൾ നമ്മുടെ ജീവിതങ്ങളെ ക്രിസ്തുവിനു സമർപ്പിച്ചു കഴിഞ്ഞാൽ, നമ്മുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ എഴുതപ്പെടും; ന്യായവിധിയിൽ നമ്മുടെ ദുഷ്പ്രവൃത്തികൾ പുസ്തകത്തിൽനിന്നു നീക്കപ്പെടുകയും ചെയ്യും. ഈ സ്വർഗ്ഗീയരേഖ മുഴുവനും പ്രപഞ്ചത്തിനും നീതിന്യായ തെളിവ് ആയിരിക്കും. ഇപ്പോൾ നാം യേശുവിന് ഉള്ളവരാണ്. അതുകൊണ്ട് മഹാകഷ്ടകാലത്ത് സംരക്ഷിക്കപ്പെടുവാൻ നമുക്ക് അവകാശമുണ്ട്.

**"പുസ്തകത്തിൽ എഴുതപ്പെട്ടവരായി" കാണപ്പെടുവാൻ നമുക്കുള്ള ഏക പ്രത്യാശ നമുക്കു കണക്കിൽ ചേർക്കപ്പെടുന്ന ക്രിസ്തുവിന്റെ നീതിമാത്രം ആയിരിക്കുന്നത് എന്തുകൊണ്ടാണ്? നിങ്ങളുടെ ഉത്തരം ശബ്ബത്ത് സ്കൂൾ ക്ലാസ്സിൽ കൊണ്ടുവരിക.**

## പുനരുത്ഥാനം

**ദാനിയേൽ 12:2,3 വായിക്കുക. ദാനിയേൽ ഇവിടെ ഏതു സംഭവത്തെക്കുറിച്ചാണു സംസാരിക്കുന്നത്? എന്തുകൊണ്ട്? മരണത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് പരിഗണിക്കുമ്പോൾ ഈ സംഭവം നമുക്ക് അത്ര പ്രധാനമാണോ?**

വരുവാനിരിക്കുന്ന പുനരുത്ഥാനത്തെ സംബന്ധിച്ച് ഒരുപക്ഷേ പഴയനിയമത്തിലെ എത്ര തിട്ടമായ(കൃത്യമായ) ഒരു സാക്ഷ്യപത്രമാണ് ഇവിടെ നൽകിയിരിക്കുന്നത്. നാം ഈ വേദഭാഗത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നമുക്കു ചില വളരെ സുപ്രധാനമായ സത്യങ്ങളെ പഠിക്കാൻ കഴിയും? ഒന്ന്, "നിദ്ര" എന്ന രൂപകം സൂചിപ്പിക്കുന്നതുപോലെ, അമർത്യമായ ആത്മാവ് മനുഷ്യശരീരങ്ങളിൽ വസിക്കുന്നില്ല. ശരീരം, മനസ്സ്, ആത്മാവ് എന്നിവയുടെ വേർപെടുത്താനാകാത്ത സംയോജനമാണ് മനുഷ്യർ. മരണത്തിൽ, വ്യക്തിയുടെ നിലനിൽപ് അവസാനിക്കുകയും പുനരുത്ഥാനം വരെ ബോധരഹിതം ആയിത്തീരുകയും ചെയ്യുന്നു. രണ്ട്, പാപത്തിന്റെ പരിണത ഫലമായി എന്തു സംഭവിച്ചുവോ അതിന്റെ നേരെ വിപരീതമായ ഒന്നായി വരുവാനിരിക്കുന്ന പുനരുത്ഥാനത്തെ നമ്മുടെ വേദഭാഗം ചൂണ്ടിക്കാണിക്കുന്നു. "നിലത്തിലെ പൊടി" (dust of the earth) എന്നു തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള പദാവലി ദാനിയേൽ 12:2 ന്റെ മൂലഭാഷയിൽ പൊടികൊണ്ടുള്ള ഭൂമി എന്നാണ്. ഈ അസാധാരണ പദക്രമം ഉല്പത്തി 3:19 ലേക്കു ചൂണ്ടിക്കാണിക്കുന്നു. "പൊടി" എന്ന വാക്കിനുമുമ്പ് "ഭൂമി" എന്ന വാക്കു വരുന്ന വേറൊരു വേദഭാഗം ഉല്പത്തി 3:19 മാത്രമാണ്. ആദാമിന്റെ മേൽ പ്രഖ്യാപിക്കപ്പെട്ട മരണവിധി തിരിഞ്ഞുവരുമെന്നും മരണത്തിന് ഇനി സ്വാധീനം ഉണ്ടാകില്ലെന്നുമാണ് ഇത് അർത്ഥമാക്കുന്നത്. പൗലൊസ് പറയുന്ന പ്രകാരം "മരണം നീങ്ങി, ജയം വന്നിരിക്കുന്നു" (1 കൊരി. 15:54).

**റോമർ 8:18; എബ്രായർ 2:14,15 വായിക്കുക. മരണത്തെ നാം എന്തുകൊണ്ടു ഭയപ്പെടേണ്ടതില്ല?**

മരണം ഇവിടെയുള്ള സകലത്തെയും നശിപ്പിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ വിശ്വസ്തരായ വിശ്വാസികളുടെമേൽ മരണം അന്ത്യവാക്ക് ആകുകയില്ല. മരണം ഒരു കീഴടക്കപ്പെട്ട ശത്രുവാണ്. ക്രിസ്തു മരണത്തിന്റെ ചങ്ങലകളെ പൊട്ടിക്കുകയും ഉയിർപ്പിക്കപ്പെട്ടവർ കല്ലറകളിൽനിന്നു പുറത്തുവരികയും ചെയ്യുമ്പോൾ, കർത്താവു മരണത്തിനു മരണകരമായ ആഘാതം നൽകുന്നു. ഇപ്പോൾ നമുക്കു മരണത്തിന് അപ്പുറത്തെ താൽക്കാലിക യാഥാർത്ഥ്യത്തിൽനിന്നു, ദൈവം ക്രിസ്തുവിൽ നമുക്കു നൽകുന്ന ജീവന്റെ ആത്യന്തിക യാഥാർത്ഥ്യത്തിലേക്കു നോക്കുവാൻ കഴിയുന്നു. മീഖായേൽ "എഴുന്നേൽക്കുന്നതിനാൽ" (ദാനി. 12:1), മീഖായേലിനുള്ളവരും തന്നോടൊപ്പം എഴുന്നേൽക്കും. അവർ മണ്ണുകൊണ്ടുള്ള ഭൂമിയിൽ നിന്നുയിർക്കുകയും നക്ഷത്രങ്ങളെപ്പോലെ എന്നെന്നേക്കും ശോഭിക്കുകയും ചെയ്യും.

**വേദനകളുടെയും കഠിനമായ പോരാട്ടങ്ങളുടെയും മദ്ധ്യേ, അന്ത്യത്തിലെ പുനഃരുത്ഥാനത്തിന്റെ വാഗ്ദാനത്തിൽനിന്ന് എങ്ങനെ പ്രത്യാശയും ആശ്വാസവും കണ്ടെത്താൻ നമുക്കു കഴിയും? വളരെ യഥാർത്ഥമായ ഒരർത്ഥത്തിൽ എന്തുകൊണ്ട് മറ്റൊന്നും ഒരു വിഷയമല്ല?**

## മുദ്രയിടപ്പെട്ട പുസ്തകം

**ദാനിയേൽ 12:4; യോഹന്നാൻ 14:29 വായിക്കുക. ദാനിയേലിന്റെ പുസ്തകം എന്തു കൊണ്ടാണ് അന്ത്യകാലം വരെ മുദ്രയിടപ്പെട്ടത്?**

പുസ്തകത്തിന്റെ പ്രധാനപ്പെട്ട അവസാന ഉപസംഹാരഭാഗത്തു (ദാനി. 10:1–12:4) പുസ്തകത്തെ അന്ത്യകാലം വരെ അടച്ചു മുദ്രയിടുവാൻ പ്രവാചകനു കല്പന ലഭിച്ചു. അതേ ശ്വാസത്തിൽത്തന്നെ ദൂതൻ പ്രവചിച്ചു, “പലരും അതിനെ പരിശോധിക്കുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും” (12:4). പല ബൈബിൾ വിദ്യാർത്ഥികളും ഈ പ്രവചനം ശാസ്ത്രപുരോഗതി സംബന്ധിച്ചാണെന്നു കണക്കാക്കുന്നുണ്ടെങ്കിലും അതും അർത്ഥത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിലും അങ്ങുമിങ്ങും ഓടുക എന്നതു ദാനിയേലിന്റെ പുസ്തകത്തെ പരിശോധിക്കുന്നതിനെ ആണ് ഉദ്ദേശിക്കുന്നത്. നിശ്ചയമായും മുൻകാലചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, ദാനിയേലിന്റെ പുസ്തകം ഗ്രഹിക്കാൻ കഴിയാത്ത ഒരു സാഹിത്യഭാഗമായി നൂറ്റാണ്ടുകളോളം ശേഷിച്ചിരുന്നതായി കാണാവുന്നതാണ്. ചിലയിടങ്ങളിൽ ഇത് അറിയപ്പെടുകയും പഠിക്കപ്പെടുകയും ചെയ്തിട്ടുണ്ടാകാം; എന്നാലും അതിലെ ചില സുപ്രധാനതാക്കോൽ ഉപദേശങ്ങളും പ്രവചനങ്ങളും അജ്ഞാതമായി (mysterious) തന്നെ അവശേഷിച്ചിരുന്നു. ഉദാഹരണത്തിനു, സ്വർഗ്ഗീയ വിശുദ്ധമന്ദിര ശുദ്ധീകരണം സംബന്ധിച്ച പ്രവചന ദൂതുകൾ, ന്യായവിധി, ചെറിയ കൊമ്പിന്റെ തിരിച്ചറിയലും അതിന്റെ പ്രവർത്തനങ്ങളും, ഈ പ്രവചനങ്ങളുടെ കാലക്രമം എന്നിവ ഒട്ടും വ്യക്തമായിരുന്നില്ല.

പ്രൊട്ടസ്റ്റന്റ് നവീകരണത്തോടെ പക്ഷേ അധികമധികം ആളുകൾ ദാനിയേലിന്റെ പുസ്തകം പഠിക്കാൻ തുടങ്ങി. എങ്കിലും അന്ത്യകാലം ആയപ്പോൾ മാത്രമേ പുസ്തകം അന്തിമമായി തുറക്കപ്പെടുകയും അതിന്റെ ഉള്ളടക്കം പൂർണ്ണമായി അറിവാകുകയും ചെയ്തുള്ളൂ. എലൻ വൈറ്റ് കാണുന്ന പ്രകാരം”, 1798 നുശേഷം ദാനിയേലിന്റെ പുസ്തകം മുദ്ര നീക്കപ്പെടുകയും പ്രവചന അറിവ് വർദ്ധിക്കുകയും, ന്യായവിധി അടുത്തിരിക്കുന്നു എന്ന ഗൗരവമേറിയ ദൂതു പ്രഘോഷിക്കപ്പെടുകയും ചെയ്തു.” (The Great Controversy, p. 356). 18–ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും, ഭൂമിയുടെ വിശാലതയിൽ പലയിടങ്ങളിലും, ദാനിയേലിന്റെ പുസ്തകം സംബന്ധിച്ച ഒരു പുതിയ താല്പര്യം ഉണർത്തപ്പെട്ടു. ക്രിസ്തുവിന്റെ രണ്ടാംവരവു സമീപിച്ചിരിക്കുന്നു എന്ന വിശാലമായ ഒരു വിശ്വാസത്തിലേക്ക് ഈ പ്രവചനങ്ങളുടെ പഠനം നയിച്ചു. ഇംഗ്ലണ്ടിലെ പല വ്യാഖ്യാതാക്കളും, മദ്ധ്യപൂർവ്വദേശങ്ങളിലെ ജോസഫ് വുൾഫും, തെക്കേ അമേരിക്കയിൽ മാനുവൽ ലക്കുൻസ്സായും, വില്യം മില്ലർ അമേരിക്കൻ ഐക്യനാടുകളിലും ഒരു വലിയ സംഘം ബൈബിൾ പഠിതാക്കളും ഒരുമിച്ച് അവരുടെ പ്രവചനപുസ്തക പഠനത്തിന്റെ അടിസ്ഥാനത്തിൽ, രണ്ടാം വരവ് അടുത്തിരിക്കുന്നു എന്നു പ്രഖ്യാപിച്ചു. ഇന്ന് ഈ ബോദ്ധ്യം ലോകവ്യാപകമായ ഒരു പ്രസ്ഥാനത്തിന്റെ മുന്നോട്ടു നയിക്കുന്ന ശക്തിയായിത്തീർന്നിരിക്കുന്നു” The SDA Bible Commentary, 4:879.

**ചരിത്രത്തിലേക്കു തിരിഞ്ഞു നോക്കുവാനും ദാനിയേലിനന്റെ പുസ്കത്തിലെ പ്രവചനങ്ങൾ നിറവേറി എന്നു കാണുവാനും ഇന്നു നമുക്കു കഴിയുന്നു എന്ന വലിയ നേട്ടത്തെക്കുറിച്ചു ചിന്തിക്കുക. ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങളെയും വിശ്വസിക്കുവാൻ ഇതു നമ്മെ എങ്ങനെ സഹായിക്കണം?**

## കാത്തിരിപ്പ് കാലം

**ദാനിയേൽ 12:5–13 വായിക്കുക. പുസ്തകം എങ്ങനെ അവസാനിക്കുന്നു?**

ഈ അന്ത്യദൃശ്യം ദാനിയേലിന്റെ ഒടുവിലത്തെ സുപ്രധാന ദർശനം നൽകിയ (10:4), "നദീതീരത്ത്" (ടൈഗ്രീസ്) ഉണ്ടായി. എന്നാൽ, നദി എന്നതിനു സാധാരണ ഉപയോഗിച്ചിരുന്ന എബ്രായ പദത്തിനുപകരം ye'or എന്ന പദമുപയോഗിച്ച് നൈൽ നദിയെ സൂചിപ്പിക്കുന്നു. ഇതു പുറപ്പാടിനെയാണ് ഓർമ്മിപ്പിക്കുന്നത്. ദൈവം യിസ്രായേലിനെ വീണ്ടെടുത്തതുപോലെ അന്ത്യകാല ജനത്തെയും വീണ്ടെടുക്കുമെന്ന് കാണിച്ചുതരുന്നു.

മൂന്നു പ്രവചന സമയ, കാല പട്ടിക നൽകപ്പെട്ടിരിക്കുന്നു. ആദ്യത്തേതു "കാലവും കാലങ്ങളും കാലാർദ്ധവും", ഈ അതിശയകാര്യങ്ങളുടെ അവസാനം എപ്പോൾ വരും? എന്ന ചോദ്യത്തിന് ഉത്തരം നൽകുന്നു (ദാനി. 12:6). ദാനിയേൽ 11 ലെ "അതിശയകാര്യങ്ങൾ" ദാനിയേൽ 7 ലെയും 8 ലെയും കാര്യങ്ങൾ വിപുലീകരിക്കപ്പെട്ടവയാണ്. ഈ കാലസംഖ്യ ദാനിയേൽ 7:25 ലും പിന്നീട് വെളിപ്പാട് 11:3; 12:6,14; 13:5 എന്നിവിടങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇതു പാപ്പാത്വ അധികാരകാലമായ 1260 വർഷങ്ങൾക്കു സമമാണ്. അത് എ.ഡി. 538 – എ.ഡി. 1798 വരെ നീണ്ടു നിൽക്കുന്നു. ദാനിയേൽ 11:32–35 വാക്യങ്ങൾ അതേ പീഡനത്തെ കാലക്കണക്കു കൂടാതെ പരാമർശിക്കുന്നു.

മറ്റു രണ്ട് കാലക്കണക്കുകൾ, 1290, 1335 ദിവസങ്ങളുടേതാണ്. "ഈ കാര്യങ്ങളുടെ അവസാനം എന്തായിരിക്കും?" എന്ന ചോദ്യത്തിന് ഈ കാലക്കണക്കുകൾ ഉത്തരം നൽകുന്നു. 'നിരന്തര ഹോമയാഗം" നിർത്തലാക്കുകയും "ശൂന്യമാക്കുന്ന മ്ലേച്ഛബിംബത്തെ പ്രതിഷ്ഠിക്കുകയും" ചെയ്യുന്ന കാലത്തോടെ ഇത് ആരംഭിക്കും. ദാനിയേൽ 8 ൽ നിന്ന്, "നിരന്തര" ഹോമയാഗത്തെക്കുറിച്ചു നാം പഠിച്ചതനുസരിച്ച് അത് ക്രിസ്തുവിന്റെ പക്ഷവാദ ശുശ്രൂഷ ആണെന്നും ഒരു വ്യാജ ആരാധനാ സമ്പ്രദായം അതിന്റെ സ്ഥാനം അപഹരിച്ചെന്നും നാം പഠിച്ചു. അങ്ങനെ ഈ പ്രവചന കാലം, ഫ്രാങ്ക്സിന്റെ രാജാവായിരുന്ന ക്ലോവിസ് കത്തോലിക്കാവിശ്വാസത്തിലേക്കു പരിവർത്തനം ചെയ്ത എ.ഡി. 508 ൽ ഈ കാലം ആരംഭിക്കണം. ഈ സുപ്രധാന സംഭവം സഭയും സംസ്ഥാനവും തമ്മിലുള്ള ബന്ധത്തിനു വഴിയൊരുക്കി, മദ്ധ്യയുഗത്തിൽ ആകമാനം നിലനിന്നു. അങ്ങനെ 1290 ദിവസങ്ങൾ (വർഷങ്ങൾ) 1798 ൽ അവസാനിച്ചു. 1798 ൽ ഫ്രെഞ്ച് ചക്രവർത്തിയായ നെപ്പോളിയന്റെ അധികാരത്താൽ പോപ്പ് അറസ്റ്റ് ചെയ്യപ്പെട്ടു.

മൂന്നാമത്തെ കാലക്കണക്കായ 1335 ദിവസങ്ങൾ എ.ഡി. 508 ൽ ആരംഭിച്ച് 1843 ൽ അവസാനിച്ചു. വില്യം മില്ലർ പ്രസ്ഥാനത്തിന്റെയും പ്രവചനപഠനത്തിന്റെയും യേശുവിന്റെ രണ്ടാംവരവിനായുള്ള കാത്തിരിപ്പിന്റെയും പ്രത്യാശയുടെയും കാലം കൂടിയായിരുന്നു അത്.

**ദാനിയേലിന്റെ പുസ്തകത്തിൽ എങ്ങുമായി നാം രണ്ടുകാര്യങ്ങൾ കാണുന്നു: ദൈവത്തിന്റെ ജനം പീഡിപ്പിക്കപ്പെടുക, ദൈവജനം അന്തിമമായി ന്യായീകരിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുക. ഇപ്പോഴുള്ള പ്രതികൂലങ്ങളെ കാര്യമാക്കാതെ വിശ്വസ്തർ ആയിരിക്കുവാൻ ഈ യാഥാർത്ഥ്യം നമ്മെ എങ്ങനെ സഹായിക്കുന്നു?**

## കൂടുതൽ പഠനം:

“ന്യായവിധിയുടെ ആരംഭം കുറിക്കാൻ സംഭവങ്ങളുടെ ഒരു പരമ്പരയെ പ്രവചനങ്ങൾ അവതരിപ്പിക്കുന്നു. ദാനിയേലിന്റെ പുസ്തകത്തെ സംബന്ധിച്ച് ഇത് വിശേഷിച്ചും സത്യമാണ്. എന്നാൽ അന്ത്യനാളുകളുമായി ബന്ധപ്പെട്ട തന്റെ പ്രവചനഭാഗത്തെ ‘അന്ത്യകാലത്തിനുവേണ്ടി’ അടച്ചുവയ്ക്കുവാനും മുദ്രയിടുവാനും ദാനിയേലിന് ആജ്ഞ ലഭിച്ചു. ഈ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ, ഈ കാലത്ത് എത്തുംവരെയും, ന്യായവിധി സംബന്ധിച്ച ഒന്നും പ്രഖ്യാപിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അന്ത്യത്തിന്റെ നാളുകളിൽ, പ്രവാചകൻ പറയുന്നു, ‘പലരും അതിനെ പരിശോധിക്കുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും’ (ദാനി. 12:4).

“പൗലൊസ് അപ്പൊസ്തലൻ തന്റെ നാളുകളിൽ ക്രിസ്തുവിന്റെ വരവിനെ പ്രതീക്ഷിക്കരുതെന്നു സഭയെ മുന്നറിയിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു: “ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം” (2 തെസ്സ. 2:3). വലിയ വിശ്വാസ പിന്മാറ്റത്തിനും അധർമ്മമൂർത്തിയുടെ നീണ്ട വാഴ്ചക്കാലത്തിനും ശേഷമല്ലാതെ നമുക്കു നമ്മുടെ കർത്താവിന്റെ വരവിനായി പ്രതീക്ഷിക്കുവാൻ കഴിയില്ല. ‘അധർമ്മ മൂർത്തി’ എന്നത് ‘അധർമ്മത്തിന്റെ മർമ്മം’, ‘നാശയോഗ്യൻ’, ‘എതിരാളി’ എന്നുമൊക്കെ പറയപ്പെടുന്നതു പാപ്പാത്വത്തെ പ്രതിനിധീകരിച്ചാണ്. അതു പ്രവചന പ്രകാരം 1260 വർഷം അധികാരം നടത്തേണ്ടിയിരുന്നു. ഈ കാലഘട്ടം 1798 ൽ അവസാനിച്ചു. ക്രിസ്തുവിന്റെ വരവ് അതിനു മുമ്പാകാൻ, കഴിയുമായിരുന്നില്ല. പൗലൊസ് 1798 വരെയുള്ള ക്രിസ്തീയ കാലഘട്ടത്തിനു മുഴുവനായി തന്റെ മുന്നറിയിപ്പു നൽകി. ആ കാലത്തിന്റെ ഈ ഭാഗത്താണു ക്രിസ്തുവിന്റെ രണ്ടാംവരവ് പ്രഖ്യാപിക്കപ്പെടേണ്ടത്.” (Ellen G. White, The Controversy p. 356)

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **കാലത്തിന്റെ അന്ത്യത്തിലെ സംഭവങ്ങൾക്കു തീയതി നിശ്ചയിക്കുന്നതിലൂടെ നമ്മൾ എന്ത് അപകടത്തെയാണ് നേരിടുക? അത്തരം പ്രവചനങ്ങൾ പരാജയപ്പെടുമ്പോൾ പലരുടെയും വിശ്വാസത്തിന് എന്തു സംഭവിക്കുന്നു? യോഹന്നാൻ 14:29 ലെ ക്രിസ്തുവിന്റെ വാക്കുകൾ നമുക്കു പ്രവചനം ഉപയോഗിക്കുന്നതിലും ആത്മിക നേട്ടത്തിനും വഞ്ചിക്കപ്പെടാതിരിക്കുന്നതിനും എന്തു നിർണ്ണായകമായ പ്രവചന തത്വങ്ങളാണു നൽകുന്നത്?**
2. **ക്ഷിപ്രമായ ആശയ വിനിമയ ഉപാധികളും, നമ്മുടെ നന്മയ്ക്കല്ലാത്ത ശാസ്ത്ര മുന്നേറ്റങ്ങളും ‘ഒരിക്കലും ഉണ്ടായിട്ടില്ലാത്ത കഷ്ടകാലം’ സംജാതമാക്കുവാൻ എങ്ങനെ എളുപ്പമാക്കിയേക്കാം?**
3. **ക്രിസ്തുവിന്റെ നീതിയുടെ വലിയ സത്യമായ സുവിശേഷം മാത്രം, പുസ്തകത്തിൽ പേർ എഴുതി കാണപ്പെടുന്നതിന് ഏകപ്രത്യാശ ആയിരിക്കുന്നത് എന്തുകൊണ്ട്? അതില്ലാതെ മറ്റെന്തു പ്രത്യാശയാണ് നമുക്കുള്ളത്?**

## രണ്ടായിരത്തിമുന്നൂറു സന്ധ്യയും ഉഷസ്സും   പ്രവചനപഠനം

(ദാനിയേൽ 8:14)



# Notes

# Notes